പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1779 — 12.06.2019 ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന സ്വകാര്യബസുകൾക്കെതിരെ സ്വീകരിച്ച നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അനുമതി ഇല്ലാതെ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യബസുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ നിയന്ത്രിക്കുന്നതിനായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധന നടത്തിവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ബസ് ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (ബി) | 6.6.2019 വരെ 7991 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അനുമതി ഇല്ലാതെയും പെർമിറ്റ് ഇല്ലാതെയും സർവ്വീസ് നടത്തിയ വകയിൽ പിഴ ഇനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | പിഴയിനത്തിൽ 2,97,61,750/- രൂപ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ